**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4633** **19-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് പദ്ധതി പ്രകാരം മഞ്ചേരി മണ്ഡലത്തിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വിശദമാക്കുമോ? | (എ) | **മഞ്ചേരി മുനിസിപ്പാലിറ്റിയിൽ അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. അമൃത് 2.0-ൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. 11.61 കോടി രൂപയുടെ കേന്ദ്രവിഹിതവും 8.71 കോടി രൂപയുടെ സംസ്ഥാന വിഹിതവും 2.90 കോടി രൂപയുടെ നഗരസഭാ വിഹിതവും ഉൾപ്പെടെ ആകെ 23.22 കോടി രൂപയുടെ പദ്ധതി വിഹിതമാണ് മഞ്ചേരി മുനിസിപ്പാലിറ്റിയ്ക്കായി വകയിരുത്തിയിട്ടുള്ളത് . എന്നാൽ വെള്ളം എത്തിക്കാൻ കഴിയുന്ന പ്രദേശങ്ങളിലെ 1120 കണക്ഷനുകളും, വിതരണ ശൃംഖല ദീർഘിപ്പിക്കലും PWD റോഡിലെ കാലഹരണപ്പെട്ട AC പൈപ്പുകൾ മാറ്റി സ്ഥാപിക്കലും പ്രസ്തുത റോഡുകളുടെ റീസ്റ്റോറേഷൻ ചാർജ്ജും ഉൾപ്പെടെ 27 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് സമർപ്പിച്ചത് . എന്നാൽ അമൃത് 2.0 ൽ ഒരു ഗാർഹിക കണക്ഷന് നിഷ്കർഷിച്ചിട്ടുള്ള തുകയേക്കാൾ കൂടുതലായതിനാൽ ഈ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടില്ല. നിലവിൽ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്ന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന വിതരണ ശൃംഖല പൂർത്തിയാകുന്ന മുറയ്ക്ക് മേൽ പ്രദേശത്തെ വീടുകളിലേക്കുള്ള കണക്ഷൻ കൂടി നൽകുന്ന തരത്തിൽ 23.2 കോടി രൂപയുടെ 4644 കണക്ഷനുകൾ നൽകുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ